Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

01.08.2025

# ജുബിലി മിഷൻ ആശുപത്രിയിൽ സൗജന്യ ഇലക്ട്രിക് ബഗ്ഗി സർവീസ്: മാറുന്ന മെഡിക്കൽ ഹോസ്പിറ്റാലിറ്റി മാതൃക

രോഗികളുടെ സൗകര്യത്തിനായി ജുബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി പരിചരണത്തിൽ പുതിയൊരു സേവനം ആരംഭിച്ചു. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലേക്കുള്ള യാത്ര എളുപ്പമാക്കുന്നതിനായി സൗജന്യ ഇലക്ട്രിക് ബഗ്ഗി സർവീസ് ആരംഭിച്ചിരിക്കുന്നു.

വയോജനങ്ങൾ, നടക്കാൻ ബുദ്ധിമുട്ടുള്ളവർ, ഗർഭിണികൾ, വൈകല്യങ്ങളുള്ളവർ എന്നിവർക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സേവനം, ആശുപത്രിയിൽ സഞ്ചരിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വലിയ ആശ്വാസമാകും. ഈ സൗകര്യം ആവശ്യക്കാരുടെ അഭ്യർത്ഥനപ്രകാരമാണ് ആശുപത്രി ഒരുക്കിയിരിക്കുന്നത്.

താക്കോൽ കൈമാറ്റ ചടങ്ങ് ആശുപത്രി മൈതാനത്തിൽ നടന്നു. ജുബിലി മിഷൻ ആശുപത്രി ട്രസ്റ്റിന്റെ ചെയർമാനും തൃശ്ശൂർ അതിരൂപതയുടെ ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്, ഇലക്ട്രിക് ബഗ്ഗി ആശീർവദിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, കമ്പനിയുടെ പ്രതിനിധികൾ, മാനേജ്മെന്റ് ടീമംഗങ്ങൾ, വിവിധ വകുപ്പുകളുടെ തലവൻമാർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.